# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5595 — 02.11.2016 ൽ മറുപടിയ്ക്ക്

### നിക്ഷേപ/വായ്പ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി. രാജേഷ് | | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ / വായ്പ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് 15.07.2015 ലെ സ.ഉ (കൈ) 87/2015/സഹ നം. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ സംഘങ്ങളിലും സമാനമായ ബാങ്കുകളിലും ശമ്പള സ്കെയിലും മറ്റ് എല്ലാവിധ ആനുകൂല്യങ്ങളും വ്യത്യസ്തമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇത് ഏകീകരിക്കുന്നതിനും പരിഷ്കരിച്ച വേതനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | സഹകരണ സംഘങ്ങളിലും സമാനമായ ബാങ്കുകളിലും ശമ്പള സ്കെയിലും മറ്റ് എല്ലാവിധ ആനുകൂല്യങ്ങളും വ്യത്യസ്തമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സഹകരണ സംഘങ്ങളിലും ബാങ്കുകളിലും കമ്മീഷൻ | (സി) | നിലവിൽ വ്യവസ്ഥ ഇല്ല. എന്നാൽ 15.07.2015 ലെ സ.ഉ (കൈ) |

അടിസ്ഥാനത്തിൽ അപ്രൈസർ തസ്തികയിൽ 10 വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന ജെ. ഡി. സി/എച്ച്. ഡി. സി. യോഗ്യതയുള്ളവരെ ജീവനക്കാരായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

87/2015/സഹ നംപർ സർക്കാർ ഉത്തരവ് പ്രകാരം, പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25% , 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ വായ്പ കളക്ഷൻ ഏജൻറമാർക്കും, അപ്രൈസർമാർക്കും വേണ്ടി സംവരണം ചെയ്തിട്ടുണ്ട്. അപ്രകാരം സംവരണം ചെയ്യുന്നതിനായി നിക്ഷേപ/വായ്പ ഇനത്തിൽ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 20,00,000/- (ഇരുപത് ലക്ഷം) രൂപയെങ്കിലും ശേഖരിച്ചിട്ടുള്ള നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റ്മാർക്കും പ്രതിവർഷം 50 ലക്ഷം രൂപയുടെ സ്വർണ്ണപ്പണയ വായ്പയുടെ സ്വർണ്ണം പരിശോധിച്ചിട്ടുള്ള അപ്രൈസർമാർക്കും മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ